പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2802 09.05.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.റ്റി.സി യുടെ നഷ്ടം സംബന്ധിച്ച് പഠനം**

ചോദ്യം
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.റ്റി.സി യുടെ നഷ്ടം സംബന്ധിച്ച് പഠനം നടത്തുവാൻ വിദഗ്ധസമിതിയെ നിയമിച്ചിട്ടുണ്ടോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിച്ച് നവീകരിക്കുന്നതിനായി വിശദപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊൽക്കത്ത ആസ്ഥാനമായ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ റിട്ടയേർഡ് പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ (സർക്കാർ ഉത്തരവ് നം. G.O(Rt) 367/2016/Trans. തീയതി 24.09.2016 പ്രകാരം) കൺസൾട്ടന്റായി നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | വിദഗ്ധസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും മാറ്റങ്ങൾ കെ.എസ്.ആർ.റ്റി.സി യിൽ വരുത്തിയിട്ടുണ്ടോ; എന്തെല്ലാം മാറ്റങ്ങളാണെന്ന് വ്യക്തമാക്കുമോ; | (ബി) | വിദഗ്ധസമിതിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. സർക്കാരിൽ സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസ് - സ്റ്റാഫ് റേഷ്യോ ദേശീയ ശരാശരിയിലേയ്ക്ക് ഉയർത്തുന്നതടക്കമുള്ള കാര്യങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന മേഖലകൾ ഏതെല്ലാം; വിശദമായ വിവരം ലഭ്യമാക്കുമോ; | (സി) | ഏതൊക്കെ മേഖലകളിലാണ് നഷ്ടമെന്നും അതെങ്ങനെ നഷ്ടമില്ലാത്ത രീതിയിൽ മാറ്റിയെടുക്കാമെന്നുള്ള കാര്യവും പഠന റിപ്പോർട്ടിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | സ്ഥിരമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഡിപ്പോകൾ ഏതെല്ലാം; സ്ഥിരമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന റൂട്ടുകൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ; | (ഡി) | സ്ഥിരമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഡിപ്പോകൾ ഇല്ല, പുന:ക്രമീകരണപ്രക്രിയ പൂർത്തിയായാലേ നഷ്ടത്തിൽ പ്രവർത്തിക്കുന്ന റൂട്ടുകളുടെ വിവരം വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**